## കസ്റ്റംസ് കേസിലെ വനിതാ സാക്ഷിയെ വനിതാ ഉദ്യോഗസ്ഥയുടെ സാന്നിദ്ധ്യത്തിൽ മാത്രമേ ചോദ്യം ചെയ്യാവൂ

## കേരള ഹൈക്കോടതി

W.P. (C) No. 13249/2019 Dt. 7.5.2019

റിഷാന നിസാർ
x
യൂണിയൻ ഓഫ് ഇന്ത്യ

ദന്ത ഡോക്ടറായി പരിശീലനം നടത്തിവരുന്ന വ്യക്തിയാണ് ഹർജിക്കാരി. മൂന്ന് വർഷം മുമ്പ് ഫൈസൽ എന്നയാളെ ഹർജിക്കാരി വിവാഹം ചെയ്തു. ആ വിവാഹബന്ധത്തിൽ ഒന്നര വയസ്സ് പ്രായമുള്ള കുഞ്ഞുണ്ട്. ഹർജിക്കാരിയുടെ ഭർത്താവ് തിരുവനന്തപുരം വിമാനത്താവളത്തിലെ ജോലികൾ ഏറ്റെടുത്തു നടത്തുന്ന കരാർ കമ്പനിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നയാളാണ്. അപ്രകാരമിരിക്കെ റവന്യൂ ഇന്റലിജൻസ് ഉദ്യോഗസ്ഥർ ഹർജിക്കാരിയുടെ ഭർത്താവിനെ പ്രതിയാക്കി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തു. ആ കേസിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കെ റവന്യൂ ഇന്റലിജൻസ് ഉദ്യോഗസ്ഥർ ഹർജിക്കാരിയെ ആ കേസിൽ സാക്ഷിയാക്കുകയും മൊഴിയെടുക്കുന്നതിന് ഹാജരാകണമെന്ന് രേഖാമൂലം ഹർജിക്കാരിയോട് ആവശ്യപ്പെടുകയും ചെയ്തു. ഇതിനെതിരെ ഹർജിക്കാരി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ചോദ്യം ചെയ്യലെന്ന വ്യാജേന റവന്യൂ ഇന്റലിജൻസ് ഉദ്യോഗസ്ഥൻ ശാരീരികമായും മാനസികമായും ഉപദ്രവിക്കുമെന്ന് ഭയപ്പെടുന്നതായി ഹർജിക്കാരി ഹൈക്കോടതിയിൽ ബോധിപ്പിച്ചു. അത്തരത്തിൽ ഉപദ്രവിക്കുന്നത് തടയുന്നതിനു വേണ്ടി തനിക്കു പകരം തന്റെ പ്രതിനിധിയെ അയക്കാൻ അനുവദിക്കണമെന്നും അല്ലാത്തപക്ഷം വനിതാ ഉദ്യോഗസ്ഥയുടെയും വനിതാ അഭിഭാഷകയുടെയും സാന്നിദ്ധ്യത്തിൽ മാത്രമേ തന്റെ മൊഴിയെടുക്കാവൂ എന്ന് റവന്യൂ ഇന്റലിജൻസ് അധികൃതർക്ക് നിർദ്ദേശം നല്കണമെന്നും ഹർജിക്കാരി ആവശ്യപ്പെട്ടു. ഹർജിക്കാരിയെ നേരിട്ട് ചോദ്യം ചെയ്യേണ്ടത് അത്യാവശ്യമാണെന്നും പ്രതിനിധിയെ അനുവദിക്കണമോ എന്നത് റവന്യൂ ഇന്റലിജൻസ് അധികൃതരുടെ വിവേചനാധികാരത്തിൽപ്പെട്ടതാണെന്നും റവന്യൂ ഇന്റലിജൻസ് അധികൃതർ ചൂണ്ടിക്കാട്ടി. വനിതാ ഉദ്യോഗസ്ഥയുടെ സാന്നിദ്ധ്യത്തിൽ ഹർജിക്കാരിയെ ചോദ്യം ചെയ്യാൻ തയ്യാറാണെന്ന് റവന്യൂ ഇന്റലിജൻസ് അധികൃതർ ഹൈക്കോടതിയെ ധരിപ്പിച്ചു. ചോദ്യം ചെയ്യുമ്പോൾ അഭിഭാഷകരുടെ സാന്നിദ്ധ്യം അവകാശപ്പെടാൻ സാക്ഷിക്ക് അധികാരമില്ലെന്ന് ഹൈക്കോടതി ഓർമ്മിപ്പിച്ചു. അതേ സമയം വനിതാ സാക്ഷിയെ ചോദ്യം ചെയ്യുമ്പോൾ വനിതാ ഉദ്യോഗസ്ഥയുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടത് ന്യായമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ഹർജിക്കാരിയെ വനിതാ ഉദ്യോഗസ്ഥയുടെ സാന്നിദ്ധ്യത്തിൽ തന്നെ ചോദ്യം ചെയ്യണമെന്ന് ഹൈക്കോടതി റവന്യൂ ഇന്റലിജൻസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കി.